# നേർവഴി-സമീകൃത മാധ്യമ സാക്ഷരതാ പദ്ധതി

ഫാ. പി. എ. ഫിലിപ്പ് (ഡപ്യൂട്ടി സെക്രട്ടറി, കാതോലിക്കേററ് അരമന, ദേവലോകം)

3. വിമർശമവും അഭിനന്ദനവും

മാധ്യമങ്ങളും അവ ഉയർത്തിക്കൊണ്ടുവരുന്ന ആശയങ്ങളേയും കണ്ണുമടച്ച് വിമർശിക്കുന്ന പ്രവണതയും കുറച്ചെങ്കിലും കണ്ടുവരുന്നുണ്ട്. മാധ്യമ വിവേചനമെന്നാൽ വിമർശനം മാത്രമാണെന്ന ധാരണയിൽ നിന്നാണിതുണ്ടാകുന്നത്. എന്നാൽ ഉന്നത മൂല്യങ്ങളെ പ്രദാനം ചെയ്യുന്ന പ്രസരിപ്പിക്കുന്ന മാധ്യമ സന്ദേശങ്ങളെ അഭിനന്ദിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും മാധ്യം സാക്ഷരതയുടെ ഭാഗമാണ്.

4. പ്രതികരണവും സ്വാംശീകരണവും

വ്യക്തി സമൂഹ നന്മയെയും വളർച്ചയേയും ലാക്കാക്കിയുള്ള ഉത്കൃഷ്ട സന്ദേശങ്ങളേയും മൂല്യങ്ങളേയും സ്വാംശീകരിച്ചെങ്കിൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലം ഉണ്ടാവുകയുള്ളൂ. മാധ്യമ സന്ദേശങ്ങൾ സ്വീകരിക്കുന്ന ഉപഭോക്താവ് തന്റെ പ്രതികരണങ്ങൾ മററുള്ളവരുമായി പങ്കുവയ്ക്കുകയും അതുവഴി സമൂഹത്തിലേക്ക് നന്മയുടെ ചാലുകൾ കീറുകയും ചെയ്യേണ്ടതുണ്ട്.

5. പഠനവും ബോധവൽക്കരണവും

മാധ്യമ ഉപയോഗം സംബന്ധിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും ഇന്നിന്റെ ആവശ്യമാണ്. നിരന്തമായ പഠനങ്ങളും ബോധവൽക്കരണവും മാധ്യമലോകത്തെക്കുറിച്ച് പക്വമായ തീരുമാനങ്ങൾ എടുക്കുവാൻ ആധുനിക തലമുറയെ സഹായിക്കും. മാധ്യമ ബോധവൽക്കരണത്തിന് ലഭ്യമാകുന്ന എല്ലാ സങ്കേതങ്ങളേയും പ്രയോജനപ്പെടുത്താനും ഈ ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടാണ് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത്.

സഭയുടെ മാനവശാക്തീകരണ വിഭാഗം പഠനത്തിനായും ബോധവൽക്കരണത്തിനായും ഈ വർഷം അവതരിപ്പിക്കുന്ന നേർവഴി എന്ന പദ്ധതി ഉയർത്തിക്കാട്ടുന്നത് സന്തുലിതമായ ഒരു മാധ്യമ സാക്ഷരതയാണ്. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമലോകത്തെ നന്നായി പഠിക്കുവാനും മാധ്യമ ഉപയോഗം സംബന്ധിച്ച് വിവേക പൂർണ്ണമായ തീരുമാനങ്ങൾ എടുക്കുവാനും മാധ്യമങ്ങളുറെറ ദോഷ്ഫലങ്ങൾ ഒഴിവാക്കി ഗുണപരമായും സർഗ്ഗാത്മകമായും മാധ്യമങ്ങളെ ഉപയോഗിക്കുവാനും സന്തുലിതവും സമീകൃതവുമായ ഒരു മാധ്യമ സാക്ഷരത പ്രചരിപ്പിക്കുവാനുമാണ് നേർവഴി എന്ന ബോധവൽക്കരണ പദ്ധതിയിലൂടെ സഭ ശ്രമിക്കുന്നത്. യുവജന പ്രസ്ഥാനത്തിന്റേയും മർത്തമറിയം സമാജത്തിന്റേയും മീററിംഗുകളിൽ നിശ്ചയമായും ഈ വിഷയം കൈകാര്യം ചെയ്യണം. വീടുകളിൽ നടക്കുന്ന പ്രാർത്ഥനാ യോഗങ്ങളിൽ അംഗങ്ങൾക്കും ഈ വിഷയം സംബന്ധിച്ച് അവരുടെ അവരുടെ ആശയങ്ങളും ആശങ്കകളും പങ്കുവയ്ക്കുവാനുള്ള അവസരവും ഉണ്ടാവണം. നമ്മുടെ ഭക്തസംഘടനകളും ഇടവകകളും ഈ പദ്ധതിയിൽ സജീവമായി പങ്കാളികളാവുമെന്ന് പ്രത്യാശിക്കുന്നു.

**Koodara Perunnal (Feast of Transfiguraton)** : The Holy Qurbana & Perunnal Service will be on 5th August, Wednesday, 6:30 pm. at ACE's Hall, Abbasiya

**Vangippu Perunnal (Feast of Assumption of St. Mary)** : The Holy Qurbana & Perunnal Service will be on 15th August, Saturday, at 6:30 pm. Nercha will also be served.

**Feast of St. John The Baptist** : The Holy Qurbana & Perunnal Service will be on 30th August, Sunday, at 6:30 pm. Nercha will also be served.

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**

Every Friday Holy Qurbana - 6:30 am - 9 am. **(Morning Service)**

Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**

**Holy Qurbana on 2nd Saturday (08-08-15) 7:00 am to 9:00 am (NECK South Tent)**

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of August. (Special prayer is offered in Holy Qurbana for them.)

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya.

*Contact Details :* **Mr. Kuriachan P.K. : 96681598** *(Transportation Gen. Co.ordinator)*

**Mr. Cherian V.T. (Farwaniya & Khaitan) : 99285095, Mr. Joby Chacko. (Hawally & Salmiya) : 55005114**

**Parish Trustee : Mr. Raju K. : 99476337, Parish Secretary : Mr. Binu Thomas : 50166267**

*For private circulation only*

# Prayer Meeting Schedule for Aug-2015

**Prayer Group General Secretary : Mr. Mathews Oommen - 69950722**

| | | | Flr. | Flat | |
|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243 (Time : 5:00 pm)** | | | | | |
| 07-08 | Mr. Soju Joseph | Behind Passonage, Baitak Resturant Bldg. | 05 | 06 | 24314028 |
| 14-08 | Mr. Eldose Joseph | Behind Passonage, Baitak Resturant Bldg. | 07 | 08 | 24314028 |
| 21-08 | Mr. Sunil George | Apsara Bazar Building | GF | 89 | 66125278 |
| 28-08 | Mr. Benoy P koshy | New Building Chachoo's Nr Passonage Bldg. | 07 | 41 | 99050310 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242 (Time : 5:00 pm)** | | | | | |
| 07-08 | Mr. Jose George | Opposite to SubStation | 04 | 19 | 24316560 |
| 14-08 | Mr. Baiju T. Sam | Address Shoppie Building | 04 | 15 | 97727128 |
| 21-08 | Mr. Stanly Varghese | Address Shoppie Building | 01 | 04 | 69961151 |
| **St. Dionysius Prayer (Abbasiya) Sec : Mr. Robin Abraham - 65087056 / Mr. Jinu Thomas - 66572888 (Time : 5:30 pm)** | | | | | |
| 07-08 | Mr. Arun George Scaria | Opp. Eden Stores | 01 | 02 | 99164 673 |
| 14-08 | Mr. Anil C Joy | Opp. Lens & Frames (Palm Tree Bldg) | 02 | 08 | 55081701 |
| 21-08 | Mr. Rinsu Varghese | Opp. Lens & Frames (Palm Tree Bldg) | 03 | 12 | 65953489 |
| 28-08 | Mr. Litty M Toms | Opp. Holy Sweets Bakery | 17 | 04 | 66564669 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Rajan - 66405671 (Time - 5:30 pm)** | | | | | |
| 07-08 | Mr. Dennis Chacko | Near Dollarco Exchange | 04 | 20 | 99861495 |
| 14-08 | Mr. Abey Pappachan | Maliyekkal Jewellery Building | 04 | 13 | 99674504 |
| 21-08 | Mr. Shibu Abraham | Gulf Restaurant Building | 05 | 34 | 96629861 |
| 28-08 | Mr. Santosh Chirayil | Golden Style Bakala Building | 03 | 10 | 60007549 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192 (Time-7:30 pm)** | | | | | |
| 14-08 | Mr. Binoy Thankachan | Bldg # 33, New Riggae Flowers bldg. | 04 | 11 | 97329268 |
| 21-08 | Mr. Raju Karikulathil | Bldg # 27, Ameer Saloon Bldg., New Riggae | 05 | 21 | 99489601 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900 (Time-6:30 pm)** | | | | | |
| 21-08 | Mr. Philip Thomas | Bldg. # 170, Opp. London Laundry, Nr. Sultan centre Mangaf | 02 | 05 | 90972737 |

## HAPPY BIRTHDAY



Jovana Bineesh, Jewel Mary Ben, Aleena Titty, Diya Susan Easow, Johan Varghese Dan, Ryan Roji Varghese, Johaan Geeverghese, Eva Elizabeth Shibu, Aaron Joy Thomas, Alwin Titty, John Thomas Stephen, Eva Ann Mathew

HEARTFUL WISHES

Vol. 2, Issue :8

Parish Bulletin

# Stephanian

St. Stephens Indian Orthodox Congregation

Kuwait

August 2015

*Be Proud to be an Indian....*

*Happy Independence Day*

## Feast of St. Mary

**15 Days Lent (Aug. 1 - 15)**

കർത്താവിൽ പ്രിയരെ,

വി. കുർബാന പരസ്യമായി ആരംഭിക്കുമ്പോൾ നാം അനുസ്മരിക്കുകയും, മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുന്ന പ. ദൈവമാതാവിന്റെയും . വി. യോഹന്നാൻസ്നാപകന്റെയും (ഞങ്ങളുടെ കർത്താവായ യേശു മിശിഹാ നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കു വേണ്ടി നിന്നോട് അപേക്ഷിക്കുന്നു, ഞങ്ങളുടെമേൽ കരുണ ചെയ്യണമേ) ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന ഒരു മാസം കൂടിയാണല്ലോ ആഗസ്റ്റ്.

മനുഷ്യകുലത്തിന് സൃഷ്ടിയുടെ ആരംഭം മുതലെ വ്യക്തിസ്വാതന്ത്ര്യം നൽകിയ ദൈവം ഒരു യഹൂദ പെൺകുട്ടിക്ക് തന്റെ വ്യക്തിസ്വാതന്ത്ര്യത്തിൽ നിന്ന് നന്മയും തിന്മയും തിരഞ്ഞെടുക്കുവാനുള്ള ഒരവസരം നൽകുന്നു. എന്നാൽ ആ കന്യക സ്വന്തം താല്പര്യങ്ങൾക്ക് പ്രസ്കതി കൊടുക്കാതെ ദൈവത്തിന്റെ ഇഷ്ടം തന്നിൽ നിറവേറുവാൻ നന്മയെ തെരഞ്ഞെടുത്തുകൊണ്ട് തന്റെ ആലോചനയുടെയും, ചിന്തയുടെയും സ്വാതന്ത്ര്യത്തെ പ്രകടമാക്കുന്നു. (ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ ഹിതം പോലെ എന്നിൽ ഭവിക്കട്ടെ) നമ്മുടെ ജീവിതത്തിൽ ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യം ഈ ലോകത്തിൽ കാണുന്ന എന്തും ചെയ്യുവാനുള്ള അധികാരം അല്ല, മറിച്ച് നന്മയെ തിരിച്ചറിഞ്ഞ് ദൈവേഷ്ടത്തിന് അനുസൃതമായി ജീവിതം ക്രമപ്പെടുത്തുക എന്നുള്ളതാണ് യഥാർത്ഥ സ്വാതന്ത്ര്യം. ഒരുവൻ സ്വാർത്ഥ മോഹങ്ങൾക്ക് അടിമപ്പെടുമ്പോൾ തന്നിലുള്ള സ്വാതന്ത്ര്യം താൻ പിശാചിന് അടിമവെയ്ക്കുന്നു. ജന്മദേശം സ്വാതന്ത്ര്യലബ്ധിയുടെ 69-ാം വാർഷികം ആഘോഷിക്കുമ്പോൾ ഭാരതീയ ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം പൗലോസ് അപ്പോസ്തോലൻ ഗലാത്യയർക്ക് എഴുതിയ ലേഖനം 5 അദ്ധ്യായം ഒന്നാം വാക്യം ഏററം ശ്രദ്ധേയമാണ്. 'സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചുനിൽപ്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങരുത്. പൈശാചിക പ്രവർത്തനങ്ങൾക്ക് വിധേയപ്പെടുമ്പോൾ നമ്മിലെ യഥാർത്ഥ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു എന്നും നാം തിരിച്ചറിയണം. ഹൗവ്വയുടെ അനുസരണകേട് കൊണ്ട് ബന്ധിക്കപ്പെട്ട മനുഷ്യകുലത്തിന്റെ സ്വാതന്ത്ര്യം പരിശുദ്ധ കന്യകമറിയം തന്റെ അനുസരണം കൊണ്ട് സ്വതന്ത്രമാക്കി. ഏദനിലെ തിരസ്കാരത്തിന്റെ പരിഹാരം നസ്രത്തിലെ കന്യകയുടെ സമ്മതമാണ്. സന്തോഷത്തിന്റെ ജീവിതവും ദു:ഖത്തിന്റെ കുരിശും വഹിച്ചവളാണ് പരിശുദ്ധ മാതാവ്. ദൈവപുത്രനെ വചനത്തിലൂടെ സ്വന്തം ഹൃദയത്തിലേക്ക് സ്വീകരിച്ചപ്പോൾ സന്തോഷത്താൽ ഹൃദയം തുടിച്ചു. എന്നാൽ ആ മകൻ കാൽവരി ക്രൂശിൽ കിടന്നു പിടച്ചപ്പോൾ, ആ അമ്മയുടേ ഹൃദയത്തിലൂടെ വാളും കടന്നുപോയി. അങ്ങനെ പരിശുദ്ധ കന്യകമറിയം ലോകത്തിന്റെ പാപത്തെ പേറിയ ദൈവത്തിന്റെ കുഞ്ഞാടിന്റെ അമ്മ ആകുവാനുള്ള ഭാഗ്യം ലഭിച്ച വ്യക്തിയാണ്. സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം (വെളി. 12:1). ഇങ്ങനെയാണ് വെളിപാട് പുസ്തകം മാതാവിനെ വർണ്ണിക്കുന്നത്. പൗരസ്ത്യ സഭ ആഗസ്റ്റ് മാസം 15-ാം തീയതി പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളായി കൊണ്ടാടുന്നു. ശൂനോയോ പെരുന്നാൾ എന്നാണ് ഇത് അറിയപ്പെടുന്നത്. ശൂനോയോ എന്നാൽ വാങ്ങിപോകൽ, കുടിയേറിപ്പാർക്കൽ എന്നെല്ലാമാണ് അർത്ഥം. ക്രിസ്തു ഇറങ്ങി വസിച്ച പരിശുദ്ധ അമ്മയുടെ ശരീരം പുഴുവിനും ചിതലിനും കൂടാക്കാതെ ക്രിസ്തു സ്വർഗ്ഗത്തിലെ ദൂതന്മാരെ അയച്ച് മാതാവിന്റെ ശരീരം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നുള്ളതാണ് സഭയുടെ വിശ്വാസം.

ആഗസ്റ്റ് മാസം 29-ാം തീയതി വി. യോഹന്നാൻ സ്നാപകന്റെ ശിരഛേദത്തിന്റെ ഓർമ്മ നാം കൊണ്ടാടുന്നു. ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയ്ക്ക് മുന്നോടിയായി തീർന്ന വി. യോഹന്നാൻ സ്നാപകൻ ക്രിസ്തു ദൈവപുത്രനെന്ന് സാക്ഷ്യം പറഞ്ഞ പുതിയ നിയമ പ്രവാചകനാണ്. യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞത്; ആത്മാവ് ഒരു പ്രാവുപോലെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുന്നത് ഞാൻ കണ്ടു. അത് അവന്റെ മേൽ വസിച്ചു. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോടു ആരുടെമേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ; അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവനാകുന്നു എന്നു പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നെ എന്ന് സാക്ഷ്യം പറയുകയും ചെയ്തിരിക്കുന്നു (വി. യോഹ. 1:32-34).

ആഗസ്റ്റ് 6ന് കർത്താവിന്റെ മറുരൂപപ്പെരുന്നാൾ സഭ കൊണ്ടാടുന്നു. താബോർമലയിൽ വച്ച് യേശുക്രിസ്തു സ്വന്തം തേജസ്സിനെ വെളിപ്പെടുത്തിയ ദിവസമാണ് ഇത്. വി. ത്രിത്വത്തിന്റെ വെളിപ്പാടും പുതിയ നിയമ പഴയ നിയമ സംഗമവും, ഭൗമിക-സ്വർഗ്ഗീയ ഗണങ്ങളുടെ ഒരുമിപ്പുമൊക്കെ ഈ പെരുന്നാളിന്റെ പ്രത്യേക ചിന്തകളാണ്.

ആഗസ്റ്റ് മാസം 1-15വരെ സഭ അനുഷ്ഠിക്കുന്ന 15 നോമ്പ് മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് നമുക്ക് ഏവർക്കും ഭക്തിപൂർവ്വം അനുഷ്ഠിക്കാം. കാരുണ്യത്തിന്റെ നിറകുടമായ പ. ദൈവമാതാവിന്റെയും, വി. യോഹന്നാൻസ്നാപകന്റെയും മദ്ധ്യസ്ഥത നമുക്ക് ഏവർക്കും കാവലും കോട്ടയും ആകട്ടെ........

**ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടെയും സന്ദേശം വിളിച്ചറിയിക്കുന്ന കേരളത്തിന്റെ ദേശീയ ഉത്സവമായ തിരുവോണത്തിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ ഏവർക്കും നേരുന്നു.**

സ്നേഹപൂർവ്വം, **Vicar : Fr.Saju Philip, Mob. - 60696128 / 24347327**

# വിശുദ്ധ കുർബ്ബാന ഒരു ലഘുപഠനം

## മദ്ധ്യസ്ഥ പ്രാർത്ഥനയും ധൂപപ്രാർത്ഥനയും

1. മദ്ധ്യസ്ഥ പ്രാർത്ഥന അഥവാ തൂബ്ദേൻ
2. അഞ്ചാം തൂബ്ദേനിലെ പിതാക്കന്മാർ
3. ധൂപപ്രാർത്ഥനകൾ

### 1. മദ്ധ്യസ്ഥപ്രാർത്ഥന അഥവാ തൂബ്ദേൻ

തൂബ്ദേൻ എന്ന സുറിയാനി വാക്കിന് എന്നാൽ വീണ്ടും എന്നാണർത്ഥം. ശുശ്രൂഷക്കാരൻ ഉറക്കെ ചൊല്ലുന്ന ആറു പ്രാർത്ഥനകൾ തൂബ്ദേൻ എന്ന് അവാക്കിൽ ആരംഭിക്കുന്നതിനാൽ അത് ഈ മദ്ധ്യസ്ഥപ്രാർത്ഥനയുടെ പേരായി. Diptychs എന്നാണ് ഇതിന്റെ ശരിയായ പേര്. രണ്ടായി മടക്കാവുന്ന എഴുത്തുപലകയ്ക്കാണ് Diptych എന്നു ഗ്രീക്കിൽ പറഞ്ഞിരുന്നത്. പലകയിൽ വിശ്വാസികളുടെയും മേൽപട്ടക്കാരുടെയും പരിശുദ്ധന്മാരുടെയും, പേരുകൾ എഴുതി വി.കുർബാനയിൽ വായിച്ചിരുന്നതുകൊണ്ടാണ് ആ പ്രാർത്ഥനയ്ക്ക് തന്നെ ഡിപ്റ്റിക് എന്ന പേരുണ്ടായത്.

ജീവനോടിരിക്കുന്നവരെയും വാങ്ങിപ്പോയവരെയും ഈയവസരത്തിൽ ഓർത്തു പ്രാർത്ഥിക്കുന്നു. സഭയ്ക്കു മുഴുവനും വേണ്ടിയുള്ള പ്രാർത്ഥനകളാണിത്. ആറു പ്രാർത്ഥനകളാണു ശുശ്രൂഷക്കാരൻ ചൊല്ലുന്നത്. അതിൽ ആദ്യത്തെ മൂന്നെണ്ണം ജീവനോടിരിക്കുന്നവർക്കുവേണ്ടിയും, പിന്നിടുള്ളവ വാങ്ങിപ്പോയവർക്കുവേണ്ടിയും ആണ്. ശുശ്രൂഷക്കാരാൻ ഒരു പ്രാർത്ഥന ചൊല്ലുമ്പോൾ അതേ വിഷയത്തെക്കുറിച്ചു തന്നെ മറ്റൊരു പ്രാർത്ഥന പട്ടക്കാരൻ രഹസ്യമായി ചൊല്ലുന്നുണ്ട്. ജനങ്ങൾ കുറിയേലായിസ്സോൻ ചൊല്ലിക്കഴിഞ്ഞ്, പട്ടക്കാരൻ അതേ വിഷയത്തെക്കുറിച്ചുതന്നെ പരസ്യമായി പ്രാർത്ഥക്കുന്നുണ്ട്. ശുശ്രൂഷക്കാരൻ ചൊല്ലുന്ന പ്രാർത്ഥനകളും, പട്ടക്കാരൻ രഹസ്യമായും പരസ്യമായും ചൊല്ലുന്നവയുൾപ്പെടെ 18 പ്രാർത്ഥനകളാണു മദ്ധ്യസ്ഥ പ്രാർത്ഥനയിൽ (Diptychs) ഉള്ളത്.

ജീവനുള്ളവരും മരിച്ചവരും ഒരേ ക്രിസ്തുശരീരത്തിലെ അംഗങ്ങളാണെന്നുള്ള യാഥാർത്ഥ്യം അനുഭവിച്ചറിയുന്നത് വി. കുർബാനയിലൂടെയാണ്. മാമോദീസായിൽ ക്രിസ്തുവിനോട് ചേർക്കപ്പെട്ട സകല മനുഷ്യരെയും ഉൾക്കൊണ്ടാണ് സഭ വി. കുർബാന അർപ്പിക്കുന്നത്. വിശുദ്ധസഭയുടെ മക്കൾക്ക് അന്യോന്യം ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനും അവർ സുകൃതമുള്ളവരായി തീരുവാനും, മദ്ധ്യസ്ഥത അർപ്പിക്കുന്നു. ജീവിച്ചിരിക്കുന്നവരുടെമേൽ എന്നപോലെ വാങ്ങിപ്പോയവരുടെമേലും, ക്രിസ്തു കരുണ ചെയ്യുവാനും നാം അപേക്ഷിക്കുന്നു. പരിശുദ്ധന്മാരുടേയും വിശ്വാസികളായ വാങ്ങിപ്പോയവരുടെയും സാന്നിദ്ധ്യത്തെയും അവരോടു നമുക്കുള്ള സംസർഗത്തെയും നാം അനുസ്മരിക്കുന്നത് മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെയാണ്. ശെമ്മാശ്ശൻ ചൊല്ലുന്ന ഒന്നാമത്തെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ സത്യവിശ്വാസികളായ എല്ല മേൽപട്ടക്കാരെയുമാണ് ഓർക്കുന്നത്. പ്രത്യേകിച്ച് സഭാതലവന്മാരായ അന്ത്യോക്യയിലെ മാർ ഇഗ്നാത്തിയോസിനെയും, പൗരസ്ത്യ കാതോലിക്കായായ മാർ ബസേലിയോസിനെയും യെറുശലേമിലെ മാർ ഗ്രീഗോറിയോസിനെയും, അതാതു ഭദ്രാസന മെത്രാപ്പോലീത്തായെയും പേരെടുത്തുപറഞ്ഞു അനുസ്മരിക്കുന്നു.

രണ്ടാമത്തെ തൂബ്ദേനിൽ വിശ്വാസികളായ എല്ലാവരെയും, മൂന്നാമത്തേതിൽ, സത്യവിശ്വാസികളായ ഭരണക്കർത്താക്കളെയും ഓർക്കുന്നു.

4,5,6 തൂബ്ദേനുകൾ വാങ്ങിപ്പോയവരെ ഓർക്കുന്നവയാണല്ലോ. ഇവയിൽ നാലാം തുബ്ദേനിൽ ദൈവമാതാവ്, ശ്ലീഹന്മാർ തുടങ്ങി എല്ലാ വാങ്ങിപ്പോയ പരിശുദ്ധന്മാരെയും ഓർക്കുന്നു.

അഞ്ചാം തൂബ്ദേനിൽ ഓർത്തഡോക്സ് വിശ്വാസത്തിന് അടിസ്ഥാനമിട്ട മൂന്നു സാർവ്വത്രിക സുന്നഹദോസുകളെയും, വിശ്വാസ സംരക്ഷണത്തിനായി അനവരതം യത്നിച്ച പരിശുദ്ധ പിതാക്കന്മാരെയും ഓർക്കുന്നു. നിഖ്യാ (325), കുസ്തന്തീനോ പോലീസ് (381), എഫെസൂസ് (431) എന്നിവയാനു മൂന്നു സുന്നഹദോസുകൾ. കൂടാതെ താഴെപ്പറയുന്ന പിതാക്കന്മാരെയും അനുസ്മരിക്കുന്നു.

### 2. അഞ്ചാം തൂബ്ദേനിലെ പിതാക്കന്മാർ

1. യെരുശലെമിലെ ഒന്നാമത്തെ മേൽപ്പട്ടക്കാരനും, കർത്താവിന്റെ സഹോദരനുമായ മാർ യാക്കോബ്.
2. അന്ത്യോക്യയിലെ മേൽപ്പട്ടക്കാരനായിരുന്ന മാർ ഇഗ്നാത്തിയോസ്. ഇദ്ദേഹം എ.ഡി. 115ൽ റോമിൽ വച്ച് സിംഹങ്ങൾക്ക് ഇരയായി രക്തസാക്ഷിമരണം പ്രാപിച്ചു.
3. റോമിലെ മാർ ക്ലീമ്മിസ് (+97 എ.ഡി. )
4. ദീവന്നാസ്യോസ് : ഈ പേരിൽ പല പരിശുദ്ധ പിതാക്കന്മാർ സഭയിൽ ഉണ്ടായിട്ടുണ്ട്. അലക്സാന്ത്രയിലെ മേൽപ്പട്ടക്കാരൻ മാർ ദീവന്നാസ്യോസ് (+264), ദീവന്നാസ്യോസ് അരയോപഗെററ് എന്ന തൂലികാ നാമത്തിൽ അനേകം ഗ്രന്ഥങ്ങൾ എഴുതിയ ഒരു പിതാവ് (500 ഏ.ഡി) എന്നിവരെയാണ് ഇവിടെ സ്മരിക്കുന്നത്.
5. അലക്സാന്ത്രിയായിലെ മാർ അത്താനാസ്യോസ്.(+373 ഏ.ഡി) 325 ൽ നിഖ്യാ സുന്നഹദോസിൽ വച്ച് അറിയോസിന്റെ വേദപിവരീതത്തിനെതിരെ സത്യവിശ്വാസം ഉറപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചത് ശെമ്മാശ്ശനായ മാർ അത്ഥാനാസ്യോസ് ആയിരുന്നു. പിന്നീട് അദ്ദേഹം അൽക്സാന്ത്രിയായിലെ മേൽപ്പട്ടക്കാരനായി.
6. മാർ യൂലിയോസ് ; റോമിലെ മേൽപ്പട്ടക്കാരാനായിരുന്നു. (+325)
7. കൈസറിയായിലെ മേൽപ്പട്ടക്കാരനായിരുന്ന വലിയ മാർ ബസേലിയോസ് (379)
8. ഗ്രിഗോറിയോസ് എന്ന പേരുകൊണ്ട്, നിസ്സായിലെ മാർ ഗ്രിഗോറിയോസിനെയും (+395), നാസിയാൻസിലെ മാർ ഗ്രിഗോറിയോസിനെയുമാണ് അനുസ്മരിക്കുന്നത്. ഇതിൽ ഒന്നാമത്തെ പിതാവ്, വലിയ മാർ ബസേലിയോസ്സിന്റെ ഇളയ സഹോദരനും, രണ്ടാമൻ അദ്ദേഹത്തിന്റെ ഉററ സുഹൃത്തും ആയിരുന്നു.

(തുടരും...)

# INTRODUCTION TO THE OLD TESTAMENT

**The second book of Moses commonly called exodus**

Get up …. leave …. takeoff…. These words are good ones for those trapped or enslaved. Some resist their marching orders preferring their present surroundings to a new, unknown environment. It's not easy to trade the comfortable security of the known for an uncertain future. But what if God gives the marching order to move? Will we follow His lead? Exodus describes a series of God's calls and responses of His people. The book of Exodus bears witness to the religious meanings of what took place, namely, God's action to deliver His people from bondage and to bind them to Him in covenant. The book discloses an interweaving of traditions, which preserve both the original Mosaic tradition as well as the interpretations of subsequent generations. It falls into two major sections:

1. Israel's emancipation from Egyptian bondage and the pilgrimage to Sinai (Ch : 1-18) and
2. Israel's sojourn at Sinai, where the covenant war was made and the laws governing life and worship were promulgated (Ch: 19 – 40)

At the center of the event stood Moses who was called to be the agent in delivering Israel from slavery, to be the interpreter of God's redemptive work, and to be the mediator in the covenant. Each tradition portrays him in a somewhat different light, but the whole account testifies to his massive influence upon subsequent history. Indeed it was Moses who laid down the spiritual foundations of Israel's faith, upon which later generations were built. Four hundred years had passed since Joseph moved his family to Egypt. These descendants of Abraham has now grown to over three million. To Egypt's new Pharaoh, these people of Hebrews were foreigners, and their numbers were frightening. Pharaoh decided to make them slaves so they would not upset his balance of power. As it turned out, that was his biggest mistake, for God then came to the rescue of His people. Though a series of strange events, a Hebrew boy named Moses became a prince in the palace of Pharaoh's and then turned into an outcast in desert land. God visited Moses in the mysterious flames of a burning bush, and after some discussion, Moses agreed to return to Egypt to lead God's people out of slavery, Pharaoh was confronted, and through a cycle of plagues, and promises made and broken, Israel was liberated from his grasp.

It was no easy task to mobilized this mass of humanity, but they marched out of Egypt, through the Red sea, and into the desert behind Moses and the pillars of cloud and fire. Despite continual evidence of God's love and power, the people complained and began to yearn for their days in Egypt. God provided for their physical and spiritual needs with food and a place to worship. But he also judged their disobedience and unbelief. Then in the dramatic Sinai meeting with Moses, God gave His lawn for righteous living.

God led Moses and the nation of Israel, and he wants to lead us as well.

**Purpose:-** To record the events of Israel's deliverance from Egypt and development as a nation.

**Author**: - Moses

**Place where written** :- In the desert during Israel's wanderings, somewhere in the Sinai Peninsula.

**Date Writter**: - 1450 – 1410 B.C.

**Setting**: - Egypt, God's people, once highly favored in the land, are now slaves. God is about to set them free.

**Key verses**: -Exodus : 3:7:10

**Key people**: - Moses, Miriam, Pharoah, Jethro, Aaron, Joshua, Bezalel

**Key places**: - Egypt, Goshen, Nile river, Midian, Red Sea, Sinai Peninsula, Mount Sinai

**Special features**: - Exodus relates more miracles than any other Old Testament book and is noted for containing the Ten Commandments.

**Mega Themes**: - Slavery, rescue / redemption, Guidance, Ten Commandments, The nation.

Exodus is the second section of the Pentateuch and deals with fortunes of Israel, subsequent to the propitious times of Joesph's governorship. It records the two great culminating points in the history of Israel; the deliverance from Egypt and the giving of the law. Heneceforth the events of Exodus hold a central place in God's revelation of Himself to His people.

**The Ten Plagues :**

The first Plague : Water turns into blood (Ch.7: 14 - 24)
The second Plague : Frogs (Ch.7: 25 - 8 :15)
The third Plague : Gnats (Ch.8 : 16 - 19)
The fourth Plague : Flies (Ch.8 : 20 - 32)
The fifth Plague : Against Livestock (Ch.9 : 1 - 7)
The sixth Plague : Boils (Ch. 9: 8 -12)
The seventh Plague : Hailstorm (Ch. 9:13-35)
The eighth Plague : Locusts (Ch. 10: 1-20)
The nighth Plague : Darkness (Ch. 10:21-29)
The tenth Plague : Announced the death of first born (Ch. 11-12)

Cont...

# THE STUDY OF SACRAMENTS - HOLY BAPTISM (... Cont)

**Baptism Formula :** Candidates received baptism 'in the name of Jesus Christ / Lord Jesus' (Act 2:38; 10:48; 8:16; 19:5). The term 'baptizo' is seen more often in 1 Corinthians than any other letters of St. Paul. The passage 1:12-17 presents a clear allusion to the baptismal confession or possibly of a baptismal formula, 'into the name of Christ'. St. Paul criticizes the division in the Corinthian church and asks them why they labeled themselves saying: "I belong to Paul", "I belong to Apollos", "I belong to Cephas "and "I belong to Christ"? The final question alludes to baptismal formula "baptism into the name Christ". Sometimes Paul use a shorter phrase, "baptized into Christ" or "to Christ" (Rom 6:3, 4; Gal 3:27).

In Mt 28:19-20 we can see the Great Commission by our Lord, Vs. 19 gives a baptismal formula, baptize 'in the name of the Father and of the Son of the Holy Spirit'. This is the formula that the Church continues to use at the time of baptism. Some scholars say that "baptism in the name of Jesus Christ" was not a spoken formula, but it shows faith in Jesus Christ and marked it out from the baptism of others. Others disagree with this. The earliest description of Christian baptism found in the Didache. It probably comes from the beginning of the second century. Didache 9.5 speaks of both the formula 'in the name of the Lord' and of the Trinitarian formula. This shows that both these formula were in use. During the New Testament times, the triune formula and its theology were in its formation (1 Cor 12:3-6; Eph 4:4-6; 1 Pet 1:2).

**Receiving of the Holy Spirit :** Usually, baptism was followed by the reception of the Holy Spirit. Conversion of St. Paul is reported three times in the Acts of the Apostles (9:1-19; 22:6-16; 26:12-18). His baptism is mentioned in the first two accounts. In the first account, Ananias, a disciple of the Lord from Damascus was sent to Paul to recover him from the after-effects of the Damascus experience. Ananias explain the intention of his coming to Paul by laying his hands on him, "Brother Saul, the Lord Jesus, who appeared to you on your way here, has sent me so that you may regain your sight and be filled with the Holy Spirit" (9:17). But, some argue that the imposition of hands brings two immediate effects: the regaining of sight and the receiving of the Holy Spirit. But, the text gives us different information. The first effect of the laying on of hands is reported in vs.18, which tells that "…and immediately something like scales fell from his eyes, and his sight was restored. Then he got up and was baptized". The receiving of the Holy Spirit would have been after baptism; the text is silent about this second effect.

Samaritans received baptism in the name of the Lord Jesus. This was clearly water baptism. When the apostles at Jerusalem heard that Samaria had received the word of God, they sent peter and John to them (Acts 8:14). By Prayer and lying on of hands the Samaritans received the Holy Spirit (vs.15, 17). Acts 19:1-7 reports baptism of the twelve disciple of John the Baptist in the name of the Lord Jesus and receiving of the Holy Spirit. This is the only passage in the New Testament of a re-baptism. Why did it occur here, when we do not read of Jesus' disciples being re-baptized? Possibly there was an inadequacy in their faith about Jesus as well as in their knowledge about the Holy Spirit. When Paul had laid his hands on them the Holy Spirit came upon them, and they spoke in tongues and prophesied. But in the case of Cornelius, the gift of spirit was received before baptism (Acts 10:48). Here, the Holy Spirit was given in order to convince peter to baptize the Non-Jews. We can infer this from Peter's defense to the Christians in Jerusalem, "The Holy spirit fell upon them just as it had upon us at the beginning"(11:15). If then God gave them the same gift that he gave us when we believed in the Lord Jesus Christ, who was I that I could hinder God?"(15:17). the purpose of this special occurrence of the coming of the Holy Spirit is evident from the words of Peter. The baptism of the Holy Spirit on Non- Jews compels Peter to give them water baptism.

2 Cor 1:21, 22 is an allusion to baptism, "but it is God who establishes us with you in Christ and has anointed us, by putting his seal on us and giving us his Spirit in our hearts as a first installment". Here, it is generally understood that the seal is baptism and the giving of the Spirit is the post-baptismal anointing. Jn 3:1-10 an important text for Christian baptism. New life through the Holy Spirit is emphasized here. Jesus' answer to Nicodemus, "… no one can enter the kingdom of God without being born of water and Spirit" (vs.5) is noteworthy. The account of Paul's baptism includes a calling on the name of Jesus Christ, the removal of since, being filled with the Holy Spirit, and reception into a local community. Paul's conversion and baptism confirm that baptism was an established Christian custom quite early.

Cont...